**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2700. 20.6.2013 ൽ മറുപടിക്ക്

**കോളേജുകൾക്ക് സ്വയംഭരണം നൽകാനുള്ള നടപടി.**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ. | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്വയംഭരണം നൽകുന്ന നടപടി സ്വാശ്രയ കോളേജുകളിലേക്ക് കൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | എ) യും ബി) യും ഇല്ല.സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന സർക്കാർ/എയ്ഡഡ് മേഖലയിലുള്ള തിരഞ്ഞെടുത്ത ആർട്സ് &സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| ബി) ഇതുമൂലം നിലവാരമില്ലെന്ന അക്ഷേപം നിലനിൽക്കുന്ന സ്വാശ്രയകോളേജുകളുടെ നിലവാരം പിന്നെയും താഴേയ്ക്ക് പോകുമെന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | |
| സി) എങ്കിൽ ഇതിന്റെ നടത്തിപ്പ് എപ്രകാരമാമെന്ന് വിശദമാക്കാമോ ? | സി) സ്വയംഭരണാവകാശത്തിന് അർഹമായ കോളേജുകളെ തെരഞ്ഞെടുക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണാവകാശം സംബന്ധിച്ച ഒരു പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപ രേഖ തയ്യാറാക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ